പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3445 09.042013 ൽ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ സ്ഥലംമാറ്റം</u>

| ചോദ്യം<br>ശ്രീ. ബി. സത്യൻ: | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
|---|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തിരുവനന്തപുരം മേഖലയിൽ നിന്നും അസിസ്റ്റന്റുമാരെ കൂട്ടത്തോടെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഇപ്പോൾ ഇത്തരം ഒരു തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (എ) യും (ബി) യും | ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ഒഴികെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ മറ്റ് 4 മേഖലകളിലും ജീവനക്കാരുടെ രൂക്ഷമായ അപര്യാപ്തത നിലനിൽക്കുകയാണ്. ഈ സ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് തിരുവനന്തപുരം മേഖലയിൽ അധികമുള്ള ജീവനക്കാരെ പുനഃവിന്യസിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നത്. |
| (സി) 2009-2012 കാലങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച സർക്കുലറുകളിൽ തിരുവനന്തപുരം മേഖലയിൽ അസിസ്റ്റന്റുമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അഴിമതിക്ക് ഇടയാക്കുന്ന ഇത്തരം നടപടികളിൽ നിന്ന് പിൻമാറാൻ തയ്യാറാകുമോ? | (സി) | സപ്ലൈകോയിലെ തിരുവനന്തപുരം ഒഴികെയുള്ള മറ്റ് 4 മേഖലകളിലേയും ജീവനക്കാരുടെ ഇപ്പോഴത്തെ അപര്യാ പ്തത കണക്കിലെടുക്കുമ്പോൾ സർക്കുലർ പ്രകാരമുള്ള സ്റ്റാഫിനെ ലഭ്യമാക്കുവാൻ യാതൊരു പ്രകാരത്തിലും സാധ്യമല്ലാത്ത അവസ്ഥയാണ്. തിരുവനന്തപുരം മേഖലയിൽ മാത്രമാണ് ജീവനക്കാർക്ക് ഔട്ട്ലറ്റുകളുടെ അധിക ചുമതല നൽകാത്തത്. മറ്റെല്ലാ മേഖലകളിലും ജീവനക്കാർക്ക് ഒന്നിലധികം ഔട്ട്ലെറ്റുകളുടെ ചുമതല വഹിക്കേണ്ടി വരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ അസിസ്റ്റന്റ് സെയിൽസ്മാന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതോടെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. |

Beena

സെക്ഷൻ ഓഫീസർ